# <u>ജീവചരിത്രക്കുറിപ്പ്</u>

## <u>രാജീവ് മണ്ണയം</u>

തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട് സ്വദേശിയായി 1980 മെയ് 30ന ജനിച്ചു. തിരുവനന്തപുരം ജില്ലയിലെ എംജി കോളേജ്, യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ നിന്ന് മലയാള സാഹിത്യത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി. കേരള സർവ്വകലാശാലയുടെ കാര്യവട്ടം കാമ്പസിൽ മലയാള സാഹിത്യത്തിൽ പാർട്ട് ടൈമായി ഗവേഷണം നടത്തുന്നു.

2014മുതൽ ഫോട്ടോഗ്രാഫി ഗൗരവമായെടുത്തു. തിരുവനന്തപുരം പ്രസ്സ്ക്ലബ്ബിൽ നിന്ന് ഫോട്ടോജേർണലിസം ഒന്നാംറാങ്കോടെ പാസായി. കോഴ്സിന്റെ ഭാഗമായി ന്യൂ ഇൻഡ്യൻ എക്സ്പ്രസ്സിൽ ഫോട്ടോഗ്രാഫറായി ജോലിനോക്കി. ക്രിയേറ്റീവ് ഇമേജ്, ബെറ്റർ ഫോട്ടോഗ്രാഫി, യാത്ര, ട്രാവലർ തുടങ്ങിയ നിരവധി പ്രസിദ്ധീകരണങ്ങളിൽ ചിത്രങ്ങളും കുറിപ്പുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള പബ്ലിക്ക് റിലേക്ഷൻസ് വകുപ്പിന്റേതുൾപ്പെടെ നിരവധി ഫോട്ടോഗ്രാഫി പുരസ്കാരങ്ങൾ ലഭിച്ചു. Better Photographyയുടെ Wildlife photographer of the year-2017ൽ ഫൈനലിസ്റ്റായി. Greencap Nature Photography Contest-ൽ Domesticated Elephants എന്ന ചിത്രപരമ്പരയിലൂടെ വിജയിയായി.

കാഴ്ചകളെ പകർത്തുക എന്ന കേവലതയ്ക്കപ്പുറം ആശയപ്രകാശനത്തിനുള്ള ഉപാധിയായി ഫോട്ടോഗ്രാഫിയെ കരുതി നിരവധി ചിത്രപരമ്പരകൾ എടുത്തിട്ടുണ്ട്. അബ്സ്ട്രാക്ട്, ഫൈൻആർട് ഫോട്ടോഗ്രാഫി സങ്കേതങ്ങളിൽ പരീക്ഷണങ്ങൾ നടത്തുന്നു.

ഫോൺ-9656528108

-------0--------